Lalith Babu

**പരാതികൾ പരിഹരിച്ചു നൽകുന്നതിനു അധികാരികൾക്ക് നിർദേശം നൽകുന്നതിനു വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ല . ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ചുകൊണ്ട് പരാതി പരിഹാരത്തിനായി അധികാരികളെ സമീപിക്കുകയാണ് വേണ്ടത്**

(iv) ഏതെങ്കിലും ഒരു പൊതു അധികാര സ്ഥാപനത്തിന്റെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭിക്കുവാനുള്ള അവകാശമാണ് 2005-ലെ വിവരാവകാശ നിയമം ജനങ്ങൾക്ക് നൽകിയിരിക്കുന്നത്. ജനങ്ങളുടെ പരാതികൾ പരിഹരിച്ച് നൽകുന്നതിന് അധികാരികൾക്ക് നിർദ്ദേശം നൽകുന്നതിന് വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ല. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ചുകൊണ്ട്, തങ്ങളുടെ പരാതികൾ പരിഹരിച്ചു കിട്ടുന്നതിന് ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളെ സമീപിക്കുകയാണ് വേണ്ടത്. ഇവിടെ, ഹർജിക്കാരിക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിച്ച് കിട്ടുന്നതുമായി ബന്ധപ്പെട്ട പരാതി പരിഹരിച്ച് കിട്ടുന്നതിനാണ് വിവരാവകാശ നിയമപ്രകാരം സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചിരിക്കുന്നത്. എതൃകക്ഷികൾ മുമ്പാകെ സമർപ്പിച്ച അപേക്ഷകൾക്ക് ലഭിച്ച മറുപടികളുടെമേൽ രണ്ടാം അപ്പീലാണ് വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടത്.

മേൽപ്പറഞ്ഞ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

(i) അപ്പീൽ ഹർജിക്കാരി 6-2-2007 തീയതി വച്ച് സമർപ്പിച്ച അപേക്ഷക്ക് ഒന്നാം എതൃകക്ഷി 5-3-2007-ന് നൽകിയ മറുപടിയിൽ പരാതിയുണ്ടെങ്കിൽ അപ്പീൽ അധികാരിയായ ട്രെയിനിംഗ്